ഉത്തരം

	തസ്തിക	കേഡർ	എക്സ്കേഡർ
1.	പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ	1	–
2.	ചീഫ് കൺസർവേറ്റർ	9	6
3.	കൺസർവേറ്റർ	15	12
4.	ഡെപ്യൂട്ടി കൺസർവേറ്റർ/ഡി.എഫ്.ഒ.	26	1
5.	അസി. ഫോറസ്റ്റ് കൺസർവേറ്റർ/ഡി.എഫ്.ഒ.	പെർമനന്റ് പോസ്റ്റ്	ടെമ്പററി പോസ്റ്റ്
		41	61

ആശ്രിത നിയമനം

120 (2571) ശ്രീ. കെ. എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ജോലിയുണ്ടായിരുന്ന സുന്ദകം കോളനി നിവാസി അയ്യപ്പൻ സർവ്വീസിലിരിക്കെ 12-8-1980-ൽ മരണപ്പെട്ടിരുന്നോ ;

(ബി) ടിയാന്റെ ആശ്രിതർക്ക് നെന്മാറ ഫോറസ്റ്റ് ഓഫീസ് മുഖേന 7000 രൂപയല്ലാതെ മറ്റാനുകൂല്യങ്ങളൊന്നും കൊടുക്കാതിരുന്നതെന്താണ് ;

(സി) അയ്യപ്പന്റെ മകന് അപ്പോൾ 14 വയസ്സു മാത്രമേ ഉള്ളുവെന്ന് പറഞ്ഞ് ആശ്രിത നിയമനം നല്കാതിരുന്നിട്ടുണ്ടോ ;

(ഡി) ടിയാന്റെ മകന് ആശ്രിതനിയമനം നല്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ടിയാന്റെ ഭാര്യ അന്നമ്മ സ്ഥലം എം.എൽ.എ.-യ്ക്ക് നല്കിയ നിവേദനം അദ്ദേഹം മുന്നക്കടവ് ഫോറസ്റ്റ് ഓഫീസിലേക്ക് അയച്ചതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) അയ്യപ്പന്റെ മകന് ആശ്രിത നിയമനം നല്കുമോ ;

(എഫ്) അയ്യപ്പന്റെ ഭാര്യയും ആദിവാസിയുമായ അന്നമ്മയ്ക്ക് കുടുംബ പെൻഷൻ നല്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സുന്ദരം കോളനി നിവാസിയായ അയ്യപ്പൻ എന്ന ആദിവാസി സുന്ദകം റിസർവ് ഫോറസ്റ്റ് വാച്ചറായി ജോലിയിലിരിക്കെ 12-8-1980-ൽ മരണപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളായ പൊതു പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, പരേതന്റെ ഭാര്യയായ അന്നമ്മയ്ക്ക് ഫാമിലി പെൻഷൻ എന്നിവ അനുവദിച്ചു നല്കിയിട്ടുണ്ട്.

(സി) ടിയാന്റെ മൂത്ത മകന് അപ്പോൾ (1980-ൽ) 13 വയസ്സായിരുന്നതു (ജനന തീയതി 1-7-1967) കൊണ്ട് ആശ്രിത നിയമനം നല്കിയിട്ടില്ല.

(ഡി) പ്രസ്തുത നിവേദനം സുൽത്താൻ ബത്തേരി റെയിഞ്ചോഫീസറുടെ അധികാര പരിധിയിൽ വരുന്നതിനാൽ അടിയന്തര അന്വേഷണത്തിനായി റെയിഞ്ചോഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ഇ) നിലവിലുള്ള സർക്കാർ ഉത്തരവുകളനുസരിച്ച് ഈ കാര്യം പരിശോധിക്കുന്നതാണ്.

(എഫ്) അയ്യപ്പന്റെ ഭാര്യ ആദിവാസിയായ അന്നമ്മയ്ക്ക് ഫാമിലി പെൻഷൻ 183 രൂപ നിരക്കിൽ 13-8-1980 മുതൽ 12-8-1987 വരെയും അതിനു ശേഷം 100 രൂപയും 26-7-1982-ൽ തന്നെ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

സ്പോർട്സ് രംഗത്തെ പുരോഗതിക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

121 (2572) ശ്രീ. മഞ്ഞളാംകുഴി അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്പോർട്സ് ഗെയിംസ് രംഗത്തിന്റെ പുരോഗതിക്ക് നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ;

(ബി) എങ്കിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) സംസ്ഥാനത്ത് സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണ് സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഓരോ കായികയിനത്തിനും മെച്ചപ്പെട്ട പരിശീലന സൗകര്യം ഉറപ്പാക്കുന്നതിന് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി ആലോചിച്ച് പല പരിപാടികളും ആവിഷ്കരിച്ചു നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്റ്റേഡിയം എന്ന അനുപാതത്തിൽ എം.എൽ.എ./ എംപി-യുടെ പ്രാദേശിക വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്,

LIBRARY ARCHIVES Kerala Legislative Assembly